(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന കുളങ്ങൾക്കായി ഇതുവരെ ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

RIDF-XII : 7.125 ലക്ഷം രൂപ

RIDF-XVIII : 519.038 ലക്ഷം രൂപ

RIDF-XIX : 268.657 ലക്ഷം രൂപ

RKVY : 95.005 ലക്ഷം രൂപ

RKVY : 32.117 ലക്ഷം രൂപ

കുട്ടനാട് പാക്കേജ്: 19.35 കോടി രൂപ

(പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ)

നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം

209 (1585) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർതട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര ഏക്കർ നെൽവയലുകൾ ഉണ്ടായിരുന്നു എന്നതിന്റെ വിശദാംശങ്ങൾ കൃഷി വകുപ്പിൽ ലഭ്യമാണോ;

(ബി) ലഭ്യമാണെങ്കിൽ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 2015 വരെ എത്ര ഏക്കർ നെൽവയലുകളാണ് പരിവർത്തനം ചെയ്തതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 34353.2425 ഏക്കർ നെൽവയലുകൾ ഉണ്ടായിരുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണ്.

(ബി) 1. കോഴിക്കോട് താലൂക്ക്-11474.181 ഏക്കർ

2. താമരശ്ശേരി താലൂക്ക്-3287.704 ഏക്കർ

3. കൊയിലാണ്ടി താലൂക്ക്- 9573.9375 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

4. വടകര താലൂക്ക്-10017.42 ഏക്കർ

(സി) 10.5173 ഏക്കർ.

റബ്ബറിന്റെ വില തകർച്ച

210 (1586) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 വർഷം മുതൽ ഇതേ വരെയുള്ള ഓരോ വർഷവും സംസ്ഥാനത്തെ റബ്ബർ ഉല്പാദനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) റബ്ബറിന്റെ വിലത്തകർച്ച റബ്ബറിന്റെ ഉല്പാദനത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2006-07 വർഷം മുതൽ ഇതേ വരെയുള്ള ഓരോ വർഷവും സംസ്ഥാനത്തെ റബ്ബറിന്റെ ശരാശരി വില എത്രയായിരുന്നു;

(ഡി) റബ്ബറിന്റെ വില തകർച്ച സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഏത് തരത്തിലുള്ള പ്രശ്നങ്ങളാണ് സൃഷ്ടിച്ചത്; കൃഷിക്കാർക്ക് ഈ കാലയളവിൽ ഉണ്ടായ ശരാശരി നഷ്ടം വെളിപ്പെടുത്താമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ വരെ ഓരോ വർഷവും റബ്ബറിന്റെ വില തകർച്ചമൂലം പ്രയാസപ്പെട്ട റബ്ബർ കൃഷിക്കാരന് റബ്ബർ സംഭരണ ഇനത്തിൽ ടഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര?

ഉത്തരം

(എ) 2006-07 വർഷം മുതൽ സംസ്ഥാനത്തെ റബ്ബർ ഉൽപ്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

ക്രമ നമ്പർ	വർഷം	ഉൽപ്പാദനം (ടൺ)
1	2	3
1	2006-07	780405
2	2007-08	753135
3	2008-09	783485
4	2009-10	745510
5	2010-11	770580

LIBRARY ARCHIVES Kerala Legislative Assembly